


# PRIME NEWS ANALYSIS

## Malayalam

**ACHARYA**
An influential mentor

www.acharyainfo.com AcharyaIAS.Academy

# എനേബിൾ ദി ഡിസേബിൾ

2030 ആകുമ്പോഴേക്കുമുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ സാധ്യമാകണമെങ്കിൽ ലോകത്തിലെ എല്ലാ വിഭാഗത്തിലുംപെട്ട എല്ലാവർക്കും നീതിയും ക്ഷേമവും ലഭ്യമാകേണ്ടതുണ്ട്. ഐക്യരാഷ്ട്ര സഭ ജനറൽ സെക്രട്ടറി ഈയ്യിടെ അംഗവൈകല്യം സംഭവിച്ചവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുകൊണ്ട് കൂടുതൽ ഇൻക്ലൂസിവ് ആയ ലോകം സൃഷ്ടിയ്ക്കാൻ ആഹ്വനം ചെയ്യുകയുണ്ടായിരുന്നു.

## ലോകത്തിൽ അംഗവൈകല്യം ഉള്ളവരുമായി ബന്ധപ്പെട്ട കണക്കുകൾ

- ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ലോകത്തിലെ മൊത്തം ജനസംഖ്യയുടെ 15 ശതമാനത്തോളം ഏതെങ്കിലും തരത്തിലുള്ള അംഗവൈകല്യം നേരിടുന്നവരാണ്.

- ലോകത്തിൽ ഏതെങ്കിലും തരത്തിൽ അംഗവൈകല്യം നേരിടുന്നവരുടെ 80 ശതമാനത്തോളം അധിവസിക്കുന്നത് വികസ്വര രാജ്യങ്ങളിലാണ്.

## പ്രശ്നങ്ങൾ

- അംഗവൈകല്യമുള്ള സ്ത്രീകളും പെൺകുട്ടികളും അക്രമങ്ങൾക്ക് ഇരയാകാനുള്ള സാധ്യത കൂടുതലാണ്.

- സമൂഹം ഇവരോട് കാണിക്കുന്ന വേർതിരിവ് ഇവർക്ക് വിദ്യാഭ്യാസം, ആരോഗ്യസുരക്ഷ, ജോലി, തുടങ്ങിയവ ലഭിക്കുന്നതിന് തടസ്സമായി മാറുന്നു.

- കോവിഡ് മഹാമാരിയും തുടർന്നുണ്ടായ നിയന്ത്രണങ്ങളും ഇവരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കി.

## ചെയ്യേണ്ടത്

- അംഗവൈകല്യം ഉള്ളവരുടെയും അവകാശങ്ങളും മറ്റും സമൂഹം ഉൾക്കൊള്ളാൻ തയ്യാറാകുകയും അവരെ ഉൾപ്പെടെ എല്ലാവരെയും മാനുഷിക പരിഗണനയോടെയും ബഹുമാനത്തോടെയും സമൂഹം വീക്ഷിക്കാൻ തയ്യാറാകുകയും വേണം.

- അംഗവൈകല്യം ഉള്ളവർക്ക് എല്ലാ വിധ മാനുഷികാവകാശങ്ങളും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

- അംഗവൈകല്യം ഉള്ളവരെ സമൂഹത്തിന്റെ മുഖ്യശ്രേണിയിലേക്ക് കൊണ്ടുവരാനാവശ്യമായ ഇടപെടലുകൾ സർക്കാരുകളുടെ ഭാഗത്ത് നിന്നുണ്ടാകണം.

## സർക്കാർ പദ്ധതികൾ

### ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ

അംഗവൈകല്യം ഉള്ളവർക്ക് സമൂഹത്തിൽ സ്വാതന്ത്രരായും അഭിമാനത്തോടെയും ജീവിക്കാൻ തക്കതായ രീതിയിൽ സമൂഹത്തിന്റെ എല്ലാ മേഖലയിലും അവർക്ക് സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പദ്ധതി ആണിത്.

ഗതാഗതം, കെട്ടിടങ്ങൾ, വിവരസാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിലെല്ലാം അംഗവൈകല്യം സംഭവിച്ചവർക്ക് ആവശ്യമായ സൗകര്യങ്ങൾ പദ്ധതി വഴി ഉറപ്പാക്കാൻ ശ്രമിക്കുന്നു.

### ദീൻ ദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം.

അംഗവൈകല്യം സംഭവിച്ചവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്ന എൻ.ജി.ഓ കൾക്ക് പദ്ധതി പ്രകാരം സാമ്പത്തിക സഹായം സർക്കാർ ലഭ്യമാക്കുന്നു.